LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഈ സർക്കാരിലെ മുൻ വ്യവസായ മന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജനെതിരെ വി.സി. 01/2017/എസ്.ഐ.യു.-2 ആയി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ കേസ്സിന്റെ അന്വേഷണം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. പ്രതികളാരും സാമ്പത്തിക നേട്ടമുണ്ടാക്കിയിട്ടില്ലെന്നും നിയമന ഉത്തരവ് റദ്ദാക്കിയിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നത്.

**ലാവ്‍ലിൻ കേസിന്റെ വിശദാംശങ്ങൾ**

144 (161) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവ്‍ലിൻ കേസ്സിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ലാവ്‍ലിൻ കേസ്സിൽ ആരെയെല്ലാമാണ് കുറ്റവിമുക്തരാക്കിയത്;

(സി) ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ഇവർക്കെതിരെ കേസ്സെടുത്തിട്ടുള്ളതെന്ന് സെക്ഷൻ സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ) ലാവ്‍ലിൻ കേസ്സുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഒരു റിവിഷൻ ഹർജി മാത്രമാണ് നിലനിൽക്കുന്നത്. ഈ കേസ് വിധി പറയുന്നതിനായി മാറ്റിവച്ചിരിക്കുന്നു.

(ബി) ലാവ്‍ലിൻ കേസ്സിൽ ആറാമത്തെ പ്രതിയായ ക്ലോസ് ട്രെൻഡൽ, ഒൻപതാമത്തെ പ്രതിയായ M/s. SNC ലാവ്‍ലിൻ ഇവരെയൊഴികെ മറ്റെല്ലാവരെയും കുറ്റവിമുക്തരാക്കിയിട്ടുള്ളതാണ്.

(സി) 1. Section 120 B of IPC

Section 420 of IPC

2. Section 13 (1) of r/w

Section 13 (2) of the Prevention of Corruption Act.

**ശ്രീ. വി. എ. അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് കേസ്**

145 (162) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകൻ വി. എ. അരുൺ കുമാറിനെതിരെ കേസ്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാൻ വിജിലൻസ് തീരുമാനിച്ചിട്ടുണ്ടോ ; ഓരോ കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് വിജിലൻസിന് കേസ് എടുക്കാമെന്ന നിയമ വകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഐ.സി.ടി. അക്കാദമി ഡയറക്ടറായി അരുൺ കുമാറിനെ നിയമിച്ചതിന് പിന്നിലും ഐ.എച്ച്.ആർ.ഡി.-യിൽ സ്ഥാനക്കയറ്റം നേടിയതിനുപിന്നിലും ക്രമക്കേട് ഉണ്ടെന്ന ശ്രീ. വി.ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള ആരോപണങ്ങളിന്മേൽ രേഖാമൂലമുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം നടത്തിയെന്ന ആരോപണത്തിൽ കഴമ്പില്ലെന്ന് വിജിലൻസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ട ആവശ്യകതയില്ല.

(സി) ശ്രീ. വി. ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ ഒരു വിജിലൻസ് എൻക്വയറി നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വി.സി. 01/15/എസ്.ഐ.യു.-II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

**സ്വകാര്യ മെഡിക്കൽ കോളേജ് അഴിമതി**

146 (163) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം വാങ്ങിക്കൊടുക്കാനായി ഇടനിലക്കാരായി വലിയ മാഫിയ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മെഡിക്കൽ കോഴയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം സർക്കാർ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ?